
# തള്ളപ്പെടാത്ത പ്രാർത്ഥന

ശൈഖ് അബ്ദുർറസ്സാഖ് അൽബദ്ർ
( حفظه الله )

വിവ : അനസ് അലി ബ്നു അബ്ദിർറഹ്മാൻ



بسم الله الرحمن الرحيم

الحمد لله رب العالمين، والصلاة والسلام على أشرف الأنبياء والمرسلين نبينا محمد وعلى آله وصحبه أجمعين أما بعد،

അല്ലാഹു വിശുദ്ധ ഖുർആനിലെ ധാരാളം ആയത്തുകളിലൂടെ അവനോട് പ്രാർത്ഥിക്കുവാൻ അവന്റെ അടിമകളോട് കൽപ്പിക്കുകയും, ആ പ്രാർത്ഥനകൾക്ക് അവൻ ഉത്തരം നൽകുമെന്ന് വാഗ്ദാനം നൽകുകയും ചെയ്തിട്ടുണ്ട്.

അല്ലാഹു പറയുന്നു:

وَقَالَ رَبُّكُمُ ٱدْعُونِىٓ أَسْتَجِبْ لَكُمْ ۚ إِنَّ ٱلَّذِينَ يَسْتَكْبِرُونَ عَنْ عِبَادَتِى سَيَدْخُلُونَ جَهَنَّمَ دَاخِرِينَ

**"നിങ്ങളുടെ റബ്ബ് പറഞ്ഞിരിക്കുന്നു: നിങ്ങൾ എന്നോട് പ്രാർത്ഥിക്കൂ ഞാൻ നിങ്ങൾക്ക് ഉത്തരം നൽകാം. എന്നെ ആരാധിക്കാതെ അഹങ്കാരം നടിക്കുന്നവരാരോ അവർ വഴിയെ നിന്ദ്യരായിക്കൊണ്ട് നരകത്തിൽ പ്രവേശിക്കുന്നതാണ് തീർച്ച."**

(غافر 60) -

മറ്റൊരിടത്ത് ഇബ്റാഹീം നബി ﷺ യുടെ പ്രാർത്ഥനയായി അല്ലാഹു പറഞ്ഞു:

إِنَّ رَبِّى لَسَمِيعُ ٱلدُّعَآءِ

**"തീർച്ചയായും എൻറെ റബ്ബ് പ്രാർത്ഥന കേൾക്കുന്നവനാണ്."**

- [إبراهيم 39] -

മറ്റൊരിടത്ത് അല്ലാഹു പറയുന്നു:

وَإِذَا سَأَلَكَ عِبَادِى عَنِّى فَإِنِّى قَرِيبٌ ۖ أُجِيبُ دَعْوَةَ ٱلدَّاعِ إِذَا دَعَانِ ۖ فَلْيَسْتَجِيبُوا۟ لِى وَلْيُؤْمِنُوا۟ بِى لَعَلَّهُمْ يَرْشُدُونَ

**"നിന്നോട് എന്റെ ദാസൻമാർ എന്നെപ്പറ്റി ചോദിച്ചാൽ ഞാൻ (അവർക്ക് ഏറ്റവും) അടുത്തുള്ളവനാകുന്നു (എന്ന് പറയുക.) പ്രാർത്ഥിക്കുന്നവൻ എന്നെ വിളിച്ച് പ്രാർത്ഥിച്ചാൽ ഞാൻ ആ പ്രാർത്ഥനയ്ക്ക് ഉത്തരം നൽകുന്നതാണ്. അതുകൊണ്ട് എന്റെ ആഹ്വാനം അവർ സ്വീകരിക്കുകയും, എന്നിൽ അവർ വിശ്വസിക്കുകയും ചെയ്യട്ടെ. അവർ നേർവഴി പ്രാപിക്കുവാൻ വേണ്ടിയാണിത്."**

- ( البقرة 186) -

മറ്റൊരു ആയത്ത് ഇപ്രകാരമാണ്:

ٱدۡعُواْ رَبَّكُمۡ تَضَرُّعٗا وَخُفۡيَةًۚ إِنَّهُۥ لَا يُحِبُّ ٱلۡمُعۡتَدِينَ • وَلَا تُفۡسِدُواْ فِي ٱلۡأَرۡضِ بَعۡدَ إِصۡلَٰحِهَا وَٱدۡعُوهُ خَوۡفٗا وَطَمَعًاۚ إِنَّ رَحۡمَتَ ٱللَّهِ قَرِيبٞ مِّنَ ٱلۡمُحۡسِنِينَ

"താഴ്മയോടു കൂടിയും രഹസ്യമായിക്കൊണ്ടും നിങ്ങൾ നിങ്ങളുടെ റബ്ബിനോട് പ്രാർത്ഥിക്കുക. പരിധി വിട്ട് പോകുന്നവരെ അല്ലാഹു ഇഷ്ടപ്പെടുകയില്ല തന്നെ. • ഭൂമിയിൽ നന്മ വരുത്തിയതിനു ശേഷം നിങ്ങൾ അവിടെ നാശമുണ്ടാക്കരുത്. ഭയപ്പാടോടു കൂടിയും പ്രതീക്ഷയോടുകൂടിയും നിങ്ങൾ അവനെ വിളിച്ചു പ്രാർത്ഥിക്കുകയും ചെയ്യുക. തീർച്ചയായും അല്ലാഹുവിൻറെ കാരുണ്യം സൽകർമ്മകാരികൾക്ക് സമീപസ്ഥമാകുന്നു."

(الأعراف 55,56)

ഇതേ ആശയത്തിൽ ധാരാളം ആയത്തുകൾ ഖുർആനിൽ കാണാം. അല്ലാഹു നമ്മിൽ നിന്നും നമ്മുടെ പ്രാർത്ഥനയിൽ നിന്നും ധന്യനായിരിക്കെ അവൻ വീണ്ടും വീണ്ടും പ്രാർത്ഥനക്ക് വേണ്ടി നമ്മെ പ്രേരിപ്പിച്ചു കൊണ്ടിരിക്കുന്നു. ഒരു ഖുദുസിയായ ഹദീസിൽ അല്ലാഹു ഇപ്രകാരം പറഞ്ഞു:

وَإِنْسَكُمْ وَجِنَّكُمْ، كَانُوا عَلَى أَتْقَى قَلْبِ رَجُلٍ وَاحِدٍ مِنْكُمْ، مَا زَادَ ذَلِكَ فِي مُلْكِي شَيْئًا، يَا عِبَادِي لَوْ أَنَّ أَوَّلَكُمْ وَآخِرَكُمْ، وَإِنْسَكُمْ وَجِنَّكُمْ، كَانُوا عَلَى أَفْجَرِ قَلْبِ رَجُلٍ وَاحِدٍ، مَا نَقَصَ ذَلِكَ مِنْ مُلْكِي شَيْئًا، يَا عِبَادِي لَوْ أَنَّ أَوَّلَكُمْ وَآخِرَكُمْ، وَإِنْسَكُمْ وَجِنَّكُمْ، قَامُوا فِي صَعِيدٍ وَاحِدٍ، فَسَأَلُونِي، فَأَعْطَيْتُ كُلَّ إِنْسَانٍ مَسْأَلَتَهُ، مَا نَقَصَ ذَلِكَ مِمَّا عِنْدِي إِلَّا كَمَا يَنْقُصُ الْمِخْيَطُ إِذَا أُدْخِلَ الْبَحْرَ.

"എന്റെ അടിമകളേ, എനിക്ക് ഉപകാരം ചെയ്യുവാനോ, എന്നെ ഉപദ്രവിക്കുവാനോ  നിങ്ങൾക്കൊരിക്കലും സാധിക്കുകയില്ല. എന്റെ അടിമകളേ, നിങ്ങളിലെ ആദ്യക്കാരും അവസാനക്കാരും, നിങ്ങളിലെ ജിന്നുകളും മനുഷ്യരും ഏറ്റവും നല്ല ഹൃദയത്തിന്റെ ഉടമകളായാൽ പോലും അത് എന്റെ അധികാരത്തിൽ ഒന്നും തന്നെ

വർധിപ്പിക്കുകയില്ല. എന്റെ അടിമകളേ, നിങ്ങളിലെ ആദ്യക്കാരും അവസാനക്കാരും, നിങ്ങളിലെ ജിന്നുകളും മനുഷ്യരും നിങ്ങളിലെ ഏറ്റവും ദുഷിച്ച ഹൃദയത്തിന്റെ ഉടമകളായാൽ പോലും അത് എന്റെ അധികാരത്തിൽ ഒന്നും തന്നെ കുറക്കുകയുമില്ല. എന്റെ അടിമകളേ, നിങ്ങളിലെ ആദ്യക്കാരും അവസാനക്കാരും, നിങ്ങളിലെ ജിന്നുകളും മനുഷ്യരും ഒരൊറ്റ ഭൂപ്രദേശത്ത് ഒരുമിക്കുകയും, അവരെല്ലാം എന്നോട് ചോദിക്കുകയും, അവർ ചോദിച്ചതെല്ലാം ഞാൻ നൽകുകയും ചെയ്താൽ പോലും കടലിൽ ഒരു സൂചി മുക്കി പുറത്തെടുത്താൽ കുറയുന്നതു പോലെയല്ലാതെ എന്റെ പക്കൽ നിന്ന് ഒന്നും തന്നെ കുറയുകയില്ല" (2577) مسلم )

അതോടൊപ്പം അല്ലാഹു അവനോട് ചോദിക്കുന്നവരെ ഇഷ്ടപ്പെടുന്നു. അല്ല, ഒരുവൻ എത്രത്തോളം റബ്ബിനോട് പ്രാർത്ഥിക്കുന്നുവോ അതിനനുസരിച്ച് അവന് റബ്ബിന്റെ തൃപ്തിയും, സ്നേഹവും കരസ്ഥമാക്കുവാൻ സാധിക്കുന്നു. നബി ﷺ പറഞ്ഞു:

لَيْسَ شَيْءٌ أَكْرَمَ عَلَى اللَّهِ تَعَالَى مِنَ الدُّعَاءِ

"പ്രാർത്ഥനയെക്കാൾ അല്ലാഹുവിന്റെ അരികിൽ ആദരവേറിയ മറ്റൊന്നും തന്നെയില്ല."

(الترمذي (3370)

മറ്റൊരു ഹദീസിൽ അവിടുന്ന് ﷺ ഇപ്രകാരം പറഞ്ഞു:

إِنَّهُ مَنْ لَمْ يَسْأَلِ اللَّهَ يَغْضَبْ عَلَيْهِ

"തീർച്ചയായും ആരെങ്കിലും അല്ലാഹുവിനോട് ചോദിക്കുന്നില്ലയോ അവനോട് അല്ലാഹു കോപിക്കുന്നതാണ്."

ഒരു കവി പറഞ്ഞു:

**"അല്ലാഹുവിനോടുള്ള ചോദ്യം നീ ഉപേക്ഷിച്ചാൽ അവൻ നിന്നോട് കോപിക്കുന്നതാണ്, എന്നാൽ മനുഷ്യർ ചോദിക്കപ്പെട്ടാൽ അവർ കോപിക്കുന്നു.**

മതപരമായ നിബന്ധനകൾ പ്രാർത്ഥനയിൽ ഒത്തു വരുകയും, പ്രാർത്ഥനകൾ സ്വീകരിക്കപ്പെടാനുള്ള തടസ്സങ്ങൾ നീങ്ങുകയും ചെയ്താൽ അല്ലാഹു നാം ചോദിച്ചത് നൽകുകയും, നമ്മുടെ ആശകൾ നടപ്പാക്കുകയും, നമ്മുടെ പ്രാർത്ഥനകൾക്ക് ഉത്തരം നൽകുകയും ചെയ്യുമെന്ന് അവൻ വാഗ്ദാനം ചെയ്തിരിക്കുന്നു. പ്രാർത്ഥിക്കുന്ന വേളയിൽ നാമോരോരുത്തരും ശ്രദ്ധിക്കേണ്ട കാര്യങ്ങളും, നമ്മുടെ പ്രാർത്ഥനകൾ തള്ളപ്പെടാതിരിക്കാൻ നാം സൂക്ഷിക്കേണ്ട ചില തടസ്സങ്ങളെ കുറിച്ചും ഖുർആനിലും, സുന്നത്തിലും ധാരാളം വന്നിട്ടുണ്ട്.

ഇമാം ഇബ്നുൽ ഖയ്യിം -رَحِمَهُ ٱللَّهُ- അത്തരം ചില സുപ്രധാന കാര്യങ്ങളെ വളരെ മനോഹരമായി വിശദീകരിച്ചിട്ടുണ്ട്. ആ കാര്യങ്ങൾ വിശദീകരിച്ച ശേഷം അദ്ദേഹം ഇപ്രകാരമാണ് തന്റെ വാക്കുകൾക്ക് പരിസമാപ്തി കുറിക്കുന്നത്: "**ഈ കാര്യങ്ങളെല്ലാം ശ്രദ്ധിച്ചു കൊണ്ടുള്ള പ്രാർത്ഥന ഒരിക്കലും തള്ളപ്പെടുകയില്ല**."

ആദ്യമായി അദ്ദേഹത്തിന്റെ ആ വാചകങ്ങൾ പൂർണ്ണരൂപത്തിൽ വായിക്കാം. അദ്ദേഹം പറയുന്നു:

**ഒരുവൻ പ്രാർത്ഥനയോടൊപ്പം മനസാന്നിധ്യവും, അവൻ തേടുന്ന കാര്യത്തിൽ തന്റെ മനസ്സിനെ**

പൂർണ്ണമായി കേന്ദ്രീകരിക്കുകയും, പ്രാർത്ഥനക്ക് ഉത്തരം ലഭിക്കപ്പെടുന്ന ആറ് സമയങ്ങളിൽ ഒരു സമയം അവൻ തിരഞ്ഞെടുക്കുകയും ചെയ്തു. മേൽപ്പറഞ്ഞ ആറ് സമയങ്ങൾ ഇവയാണ്:

1- രാത്രിയിലെ അവസാന മൂന്നിലൊന്ന്.
2- ബാങ്കിന്റെ വേള.
3- ബാങ്കിന്റെയും, ഇഖാമത്തിന്റെയും ഇടയിലുള്ള സമയം.
4- നിർബന്ധ നിസ്കാരത്തിന്റെ അവസാനം.
5- വെള്ളിയാഴ്ച്ച ഇമാം മിമ്പറിൽ കയറി ജുമുഅ നിസ്കാരം അവസാനിക്കുന്നത് വരെയുള്ള സമയം.
6- വെള്ളിയാഴ്ച്ചയിലെ അസ്വ്റിന് ശേഷമുള്ള അവസാന സമയം.

ശേഷം അവൻ അങ്ങേയറ്റത്തെ ഭയഭക്തിയോടെയും, റബ്ബിന്റെ മുന്നിൽ തകർന്ന നിലയിലും, അവനോട് താഴ്മയും, വിനയവും അടുപ്പവും പ്രകടിപ്പിക്കുകയും, പിന്നീട് അവൻ ഖിബ്‌ലക്ക് മുന്നിടുകയും, ശുദ്ധി കൈവരിക്കുകയും, ഇരു കരങ്ങളും റബ്ബിലേക്ക് ഉയർത്തുകയും, അല്ലാഹുവിനെ സ്തുതിക്കുകയും, അവനെ പുകഴ്ത്തുകയും ചെയ്തു കൊണ്ട് ആരംഭിക്കുകയും, പിന്നീട് നബി ﷺ യുടെ മേൽ സ്വലാത്ത് ചൊല്ലുകയും, തന്റെ ആവശ്യങ്ങൾ അവതരിപ്പിക്കുന്നതിന്ന് മുന്നോടിയായി തൗബയും ഇസ്തിഗ്ഫാറും നടത്തുകയും, ശേഷം പ്രാർത്ഥനയുമായി അല്ലാഹുവിലേക്ക് തിരിയുകയും, ആവർത്തിച്ച് ചോദിക്കുകയും, ചോദ്യത്തിൽ മര്യാദ പുലർത്തുകയും, അല്ലാഹുവിനെ ഭയത്തോടെയും, പ്രതീക്ഷയോടെയും വിളിക്കുകയും, റബ്ബിന്റെ ഏകത്വവും വിശേഷണങ്ങളും നാമങ്ങളും

**മുൻനിർത്തുകയും, അവന്റെ പ്രാർത്ഥനക്ക് മുന്നോടിയായി ദാനം നൽകുകയും, അല്ലാഹുവിന്റെ മഹത്തരമായ നാമങ്ങൾ അടങ്ങിയതാണെന്നും ഉത്തരം ലഭിക്കാൻ കൂടുതൽ സാധ്യതയുള്ള പ്രാർത്ഥനകളാണെന്നും നബി ﷺ അറിയിച്ച ദുആളകൾ അവൻ തിരഞ്ഞെടുക്കുകയും ചെയ്താൽ...അവന്റെ ഈ പ്രാർത്ഥന ഒരിക്കലും തള്ളപ്പെടുകയില്ല."**

- നമ്മുടെ പ്രാർത്ഥനകൾ തള്ളപ്പെടാതിരിക്കാൻ നാം ശ്രദ്ധിക്കേണ്ട ചില സുപ്രധാന കാര്യങ്ങൾ.

## 1. മനസാന്നിധ്യവും, തേടുന്ന കാര്യത്തിലുള്ള ശ്രദ്ധ കേന്ദ്രീകരണവും

(حضور القلب واجتماعه على المطلوب)

ഒന്നാമത്തെ കാര്യം നാം മനസാന്നിധ്യത്തോടെ പ്രാർത്ഥിക്കുക എന്നതാണ്. അത് അല്ലാഹുവിലേക്ക് ഹൃദയം കൊണ്ട് മുന്നിടലാണ്. ഹൃദയം അശ്രദ്ധയിലും, കേവല നാവിന്റെ ചലനവുമാകരുത് നമ്മുടെ പ്രാർത്ഥന. മറിച്ച് മനസാന്നിധ്യത്തോടെ ദുആ ഉച്ചരിക്കുക. അത് കൊണ്ടാണ് നബി ﷺ ഇപ്രകാരം പറഞ്ഞത്:

"ادْعُوا اللَّهَ وَأَنْتُمْ مُوقِنُونَ بِالْإِجَابَةِ، وَاعْلَمُوا أَنَّ اللَّهَ لَا يَسْتَجِيبُ دُعَاءً مِنْ قَلْبٍ غَافِلٍ لَاهٍ"

**ഉത്തരം ലഭിക്കുമെന്ന ഉറപ്പോടെ നിങ്ങൾ അല്ലാഹുവിനോട് പ്രാർത്ഥിക്കുക. അറിയുക, അശ്രദ്ധമായ ഹൃദയത്തിൽ നിന്നും അല്ലാഹു ഒരു പ്രാർത്ഥനയും സ്വീകരിക്കുകയില്ല.**

الترمذي (3479) –

പ്രാർത്ഥനയിൽ മനസാന്നിധ്യമില്ല എന്നതിന്റെ ലക്ഷണങ്ങളിൽ പെട്ടതാണ് പ്രാർത്ഥിക്കുമ്പോൾ ധാരാളമായി ചലിക്കലും മറ്റ് കാര്യങ്ങളിൽ ഏർപ്പെടലും. നാവ് മാത്രം ദുആ ഉരുവിട്ടു കൊണ്ടിരിക്കുകയും, കൈകൾ വസ്ത്രത്തിലോ ഭൂമിയിലോ സ്പർശിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്ന ധാരാളം ആളുകളെ ഇന്ന് കാണുവാൻ സാധിക്കും. മറ്റു ചിലർ പ്രാർത്ഥിക്കുമ്പോൾ വലത്തും, ഇടത്തുമൊക്കെ നോക്കുന്നതും കാണാം. ഇതെല്ലാം പ്രാർത്ഥനയിൽ ഹൃദയം ഒരുമിച്ചിട്ടില്ലാത്തത് കൊണ്ടുണ്ടാകുന്നതാണ്.

ഒരിക്കൽ ഉമർ ഇബ്നു അബ്ദിൽ അസീസ് -رَحِمَهُ اللَّهُ- ഒരു വ്യക്തിയുടെ അരികിലൂടെ നടന്നു പോവുകയായിരുന്നു. അയാളുടെ കയ്യിൽ ചെറിയ കല്ലുകളുണ്ടായിരുന്നു. അത് കൊണ്ട് അയാൾ കളിച്ചു കൊണ്ടിരിക്കുന്നു. അതോടൊപ്പം, അയാൾ ഇപ്രകാരം പറയുന്നുമുണ്ടായിരുന്നു: "അല്ലാഹുവേ, എനിക്ക് നീ സ്വർഗീയ സ്ത്രീകളെ ഇണകളാക്കിത്തരേണമേ!" അപ്പോൾ, ഉമർ ബ്നു അബ്ദിൽ അസീസ് -رَحِمَهُ اللَّهُ- അയാളുടെ അടുക്കലേക്ക് വന്ന് കൊണ്ട് പറഞ്ഞു: "എത്ര മോശം ആവശ്യക്കാരനാണ് നീ! നിനക്ക് ആ കല്ലുകൾ വലിച്ചെറിയുകയും അല്ലാഹുവിനോടുള്ള ദുആയിൽ നിഷ്കളങ്കത കാണിക്കുകയും ചെയ്തു കൂടായിരുന്നോ?"

– الحلية لأبي نعيم (٥/٢٧٨)

എന്നാൽ, നമ്മുടെ ഈ കാലത്ത് ബഹുഭൂരിപക്ഷം സമയങ്ങളിലും ജനങ്ങളുടെ കൈകളിൽ ഈ കല്ലുകൾ വേറെ രൂപത്തിലാണ് കണ്ടു കൊണ്ടിരിക്കുന്നത്. അല്ലാഹുവിനോടുള്ള ദുആഇലോ, ഇബാദത്തിലോ, അവനോടുള്ള ചോദ്യത്തിലോ, അത് ഏറ്റവും നല്ല രൂപത്തിലായിരിക്കണം എന്ന യാതൊരു ചിന്തയും ഇല്ലാത്ത രൂപത്തിൽ കൈകളേക്കാൾ മനസ്സിനേയും ചിന്തയേയും

വിനോദവും കളികളും കൊണ്ട് അവർ തിരക്കിലാക്കി കളഞ്ഞിരിക്കുന്നു. അത്തരം ആളുകളോട് ചോദിക്കാനുള്ള ഏറ്റവും നല്ല ചോദ്യം: '**നിങ്ങൾക്ക് ആ മൊബൈൽ ഓഫ് ചെയ്ത് കൊണ്ട് അല്ലാഹുവിനുള്ള ദുആഇൽ നിഷ്കളങ്കത കാണിച്ചു കൂടേ**' എന്നാണ്."

അതിനാൽ തന്റെ പ്രാർത്ഥന അല്ലാഹു സ്വീകരിക്കണം എന്ന് ആഗ്രഹിക്കുന്നവർ, ആദ്യമായി പ്രാർത്ഥനാ വേളകളിൽ തന്റെ ഹൃദയം കൊണ്ട് റബ്ബിലേക്ക് മുന്നിടുകയും, തേടുന്ന കാര്യത്തിൽ തന്റെ ഹൃദയവും, സകല ചിന്തയും ഒരുമിപ്പിക്കുവാൻ കഴിവുന്നതും പരിശ്രമിക്കുകയും, മറ്റു ചിന്തകളിലേക്ക് തെന്നി മാറാതെ ഹൃദയത്തെ നിയന്ത്രിക്കുകയും ചെയ്യുക. കാരണം മനസ്സിനെ നിയന്ത്രിച്ചില്ലെങ്കിൽ അത് പല ചിന്തകളിലേക്കും വഴിമാറുന്നതാണ്. അതുകൊണ്ട് പ്രാർത്ഥിക്കുമ്പോൾ ഹൃദയ സാന്നിധ്യത്തിന് അതിയായി പരിശ്രമിക്കുക.

## 2. പ്രാർത്ഥനക്ക് ഉത്തരം ലഭിക്കപ്പെടുന്ന സമയങ്ങൾ തിരഞ്ഞെടുക്കുക

(تحري أوقات الإجابة)

ഇമാം ഇബ്നുൽ ഖയ്യിം -رَحِمَهُ ٱللَّٰهُ- പ്രധാനമായും ആറ് സമയങ്ങളാണ് ഇവിടെ നൽകിയിട്ടുള്ളത്.

**ഒന്ന്: രാത്രിയുടെ അവസാന മൂന്നിലൊന്ന്.**

ഈ സമയം ഏറെ ശ്രേഷ്ഠവും ഉത്തരം ലഭിക്കാൻ വളരെ സാധ്യതയുള്ളതുമാണെന്ന് നബി ﷺ യിൽ നിന്നും സ്ഥിരപ്പെട്ട ഒരു ഹദീസിൽ നിന്നും മനസ്സിലാക്കാം. അവിടുന്ന് ﷺ പറഞ്ഞു:

يَنْزِلُ رَبُّنَا تَبَارَكَ وَتَعَالَى كُلَّ لَيْلَةٍ إِلَى السَّمَاءِ الدُّنْيَا، حِينَ يَبْقَى ثُلُثُ اللَّيْلِ الْآخِرُ، يَقُولُ : مَنْ يَدْعُونِي فَأَسْتَجِيبَ لَهُ ؟ مَنْ يَسْأَلُنِي فَأُعْطِيَهُ ؟ مَنْ يَسْتَغْفِرُنِي فَأَغْفِرَ لَهُ ؟

**"ഉന്നതനും അനുഗ്രഹീതനുമായ നമ്മുടെ റബ്ബ് എല്ലാ രാത്രിയിലും അതിന്റെ അവസാന മൂന്നിലൊന്ന് ബാക്കിയാകുമ്പോൾ ഒന്നാനാകാശത്തേക്ക് ഇറങ്ങി വരുന്നതാണ്. എന്നിട്ട് അവൻ ചോദിക്കും: ആരാണ് എന്നോട് പ്രാർത്ഥിക്കാനുള്ളത് അവന് ഞാൻ ഉത്തരം നൽകാം. ആരാണ് എന്നോട് ചോദിക്കുന്നത് അവന് ചോദിച്ചത് ഞാൻ നൽകാം. ആരാണ് എന്നോട് പാപമോചനമിരക്കുന്നത് അവന് ഞാൻ പൊറുത്തു കൊടുക്കുകയും ചെയ്യാം."**

البخاري (1145) -

അത് കൊണ്ട് മഹത്തരമായ ഈ സമയത്ത് പ്രാർത്ഥിക്കുവാനും, നന്മകൾ നേടിയെടുക്കുവാനും ഓരോ മുസ്‌ലിമും പരിശ്രമിക്കുക. ഈ സമയത്ത് പ്രാർത്ഥിക്കാത്ത ഒരു രാത്രിയും നമ്മിൽ നിന്നും നഷ്ടപ്പെടാതിരിക്കുവാൻ ജാഗ്രത പുലർത്തുക.

**<u>രണ്ട്: ബാങ്കിന്റെ സന്ദർഭം.</u>**

അഥവാ ബാങ്കിന് തൊട്ടുടനെയുള്ള സമയം. ഈ സമയവും വളരെ പ്രധാനപ്പെട്ടത് തന്നെയാണ്. ഈ സമയം മൂന്നാമത് ഇനി പറയാനുള്ള ബാങ്കിന്റെയും ഇഖാമത്തിന്റെയും ഇടയിലുള്ള സമയത്തിൽ നിന്നും വ്യത്യസ്തമാണ്. ആരെങ്കിലും ബാങ്ക് ശ്രദ്ധിച്ച് കേൾക്കുകയും, മുഅദ്ദിൻ പറഞ്ഞത് പോലെ ആവർത്തിക്കുകയും, ശേഷം പ്രാർത്ഥിക്കുകയും  ചെയ്താൽ അവന്റെ പ്രാർത്ഥനക്ക് ഉത്തരം ലഭിക്കുന്നതാണെന്ന് ഹദീസുകളിൽ കാണാം.

ഒരാൾ നബി ﷺ യുടെ അടുത്ത് വന്ന് ചോദിച്ചു:

يَا رَسُولَ اللَّهِ، إِنَّ الْمُؤَذِّنِينَ يَفْضُلُونَنَا. فَقَالَ رَسُولُ اللَّهِ ﷺ : " قُلْ كَمَا يَقُولُونَ، فَإِذَا انْتَهَيْتَ فَسَلْ تُعْطَهْ

**"അല്ലാഹുവിന്റെ റസൂലേ, ബാങ്ക് വിളിക്കുന്നവർ ഞങ്ങളെക്കാൾ ശ്രേഷ്ഠത നേടിയിരിക്കുന്നു. അപ്പോൾ നബി ﷺ പറഞ്ഞു: അവർ പറയുന്നത് പോലെ നിങ്ങളും പറഞ്ഞു കൊള്ളുക. ശേഷം നീ അല്ലാഹുവിനോട് ചോദിക്കുക, നീ ചോദിച്ചത് നിനക്ക് നൽകപ്പെടുന്നതാണ്. "**

ബാങ്ക് ശ്രദ്ധിച്ച് കേൾക്കുകയും, അതിന് മറുപടി പറയുകയും, ശേഷം പ്രാർത്ഥിക്കുകയും ചെയ്യുന്നതിന്റെ ശ്രേഷ്ഠത ഈ ഹദീസിൽ നിന്നും വ്യക്തമാണ്.

അതിനാൽ ഒരോ മുസ്‌ലിമും ബാങ്ക് കേൾക്കുകയും, അതിനോടൊപ്പം ആ വാചകങ്ങൾ ആവർത്തിക്കുകയും, ശേഷം നബി ﷺ യുടെ മേൽ സ്വലാത്ത് ചൊല്ലുകയും, അവിടുത്തേക്ക് വേണ്ടി അല്ലാഹുവിനോട് വസീലത്തും, ഫദ്വീലത്തും  ചോദിക്കുകയും, അതിൽ മാത്രം പരിമിതപ്പെടുത്താതെ  തനിക്ക് ഇഷ്ടമുള്ളത് പ്രാർത്ഥിക്കുകയും ചെയ്ത് തുടരുക. കാരണം ഉത്തരം ലഭിക്കപ്പെടാൻ ഏറെ സാധ്യതയുള്ള സമയമാണത്.

**<u>മൂന്ന്: ബാങ്കിനും, ഇഖാമത്തിനും ഇടയിലുള്ള സമയം.</u>**

ഈ സമയത്തുള്ള പ്രാർത്ഥനയുടെ പോരിശ ധാരാളം ഹദീസുകളിലൂടെ വിവരിക്കപ്പെട്ട കാര്യമാണ്. നബി ﷺ പറഞ്ഞു:

الدُّعَاءُ لَا يُرَدُّ بَيْنَ الْأَذَانِ وَالْإِقَامَةِ

**"ബാങ്കിനും ഇഖാമത്തിനും ഇടയിലുള്ള പ്രാർത്ഥന തള്ളപ്പെടുകയില്ല."**

((الترمذي) 212 –

മറ്റൊരു ഹദീസിൽ അവിടുന്ന് ﷺ പറഞ്ഞതായി കാണാം:

إِذَا نودي بِالصَّلَاةِ فُتِحَتْ أَبْوَابُ السَّمَاءِ، وَاسْتُجِيبَ الدُّعَاءُ

**"നിസ്കാരത്തിന് വേണ്ടി ബാങ്ക് വിളിക്കപ്പെട്ടാൽ വാനലോകത്തെ കവാടങ്ങൾ തുറക്കപ്പെടുകയും, പ്രാർത്ഥനകൾക്ക് ഉത്തരം ലഭിക്കപ്പെടുന്നതുമാണ്."**

السلسلة الصحيحة –
1413)))

## നാല്: നിർബന്ധ നിസ്കാരത്തിന്റെ അവസാനം

അഥവാ സലാം വീട്ടുന്നതിന് തൊട്ടു മുമ്പുള്ള സമയമാണത്. പ്രാർത്ഥന സ്വീകരിക്കപ്പെടാൻ പല കാരണങ്ങളാലും ഏറെ സാധ്യതയുള്ള ശ്രേഷ്ഠകരമായ സമയമാണത്. ഒരു മുസ്‌ലിം ആ സന്ദർഭത്തിൽ ശുദ്ധിയുള്ളവനും, ഖിബ്‌ലക്ക് മുന്നിട്ടവനും, ഖുർആൻ പാരായണം ചെയ്തും, അല്ലാഹുവിനെ മഹത്വപ്പെടുത്തിയും, തക്ബീറുകൾ ചൊല്ലിയ നിലയിലുമായിരിക്കും. ശേഷം അവൻ അല്ലാഹുവിന് കീഴ്‌വണങ്ങി റുകൂഉം, സുജൂദും നിർവ്വഹിക്കുന്നു. ഈ മഹത്തരമായ പ്രർത്തനങ്ങൾക്കു ശേഷം തശഹ്ഹുദിൽ പ്രവേശിക്കുകയും, അല്ലാഹുവിനെ മഹത്വപ്പെടുത്തിയും, അഭിവാദ്യം ചെയ്തും അവൻ പറയുന്നു: 'എല്ലാ അഭിവാദ്യങ്ങളും, ആരാധനകളും, വിശിഷ്ഠമായവയും അല്ലാഹുവിനുള്ളതാക്കുന്നു'. പിന്നീട് തൗഹീദിന്റെ സാക്ഷ്യവചനങ്ങൾ അവൻ ഉരുവിടുന്നു. ശേഷം ഇബ്‌റാഹീമിയ്യാ സ്വലാത്ത് എന്ന ഏറ്റവും പൂർണ്ണമായ സ്വലാത്ത് നബി ﷺ യുടെ മേൽ അവൻ ചൊല്ലുന്നു.

മേൽ പറഞ്ഞ കർമ്മങ്ങളെല്ലാം ഈ സമയത്ത് പ്രാർത്ഥിക്കുന്ന നിസ്കാരക്കാർക്ക് ഉത്തരം ലഭിക്കപ്പെടാൻ ഏറ്റവും യോജ്യമായതാക്കുന്നു. അത് കൊണ്ടാണ് തശഹ്ഹുദിലെ പ്രാർത്ഥനകൾ പഠിപ്പിക്കുമ്പോൾ അവസാനമായി നബി ﷺ ഇപ്രകാരം പറഞ്ഞത്:

ثُمَّ يَتَخَيَّرُ مِنَ الدُّعَاءِ أَعْجَبَهُ إِلَيْهِ فَيَدْعُو

**"പിന്നീട് അവന് ഇഷ്ടമുള്ള പ്രാർത്ഥന തിരഞ്ഞെടുക്കുകയും, അവൻ പ്രാർത്ഥിക്കുകയും ചെയ്തു കൊള്ളട്ടെ."**

((البخاري 835) –

**<u>അഞ്ച്: വെള്ളിയാഴ്ച്ച ഇമാം മിമ്പറിൽ കയറുകയും, നിസ്കാരം അവസാനിക്കുന്നത് വരെയുമുള്ള സമയം</u>**

إِنَّ فِي الْجُمُعَةِ لَسَاعَةً، لَا يُوَافِقُهَا مُسْلِمٌ قَائِمٌ يُصَلِّي يَسْأَلُ اللَّهَ خَيْرًا إِلَّا أَعْطَاهُ إِيَّاهُ ،وَقَالَ بِيَدِهِ يُقَلِّلُهَا يُزَهِّدُهَا

**"ജുമുഅ ദിവസം ഒരു സമയമുണ്ട്, ഒരു മുസ്‌ലിം നിന്ന് നിസ്കരിച്ചും, അല്ലാഹുവോട് നന്മകൾ ചോദിച്ചും ആ സമയത്തോട് യോജിച്ചാൽ അല്ലാഹു അവൻ ചോദിച്ചത് അവന്ന് നൽകാതിരിക്കുകയില്ല. ശേഷം അവിടുത്തെ കൈ കൊണ്ട് ആ സമയം വളരെ കുറഞ്ഞതാണെന്ന് ആംഗ്യം കാണിച്ചു."**

((البخاري 6400) –

ഇവിടെ പറയപ്പെട്ട സമയം ഇമാം മിമ്പറിൽ കയറുകയും, നിസ്കാരം അവസാനിക്കുന്നത് വരെയുമുള്ള സമയമാണെന്ന് ഒരു വിഭാഗം പണ്ഡിതൻമാർ അഭിപ്രായപ്പെട്ടിട്ടുണ്ട്. അബൂ ബുർദ -رَحِمَهُ اللَّهُ- പറഞ്ഞു: എന്റെ പിതാവ് (അബൂ മൂസ അൽഅശ്അരി رضي الله عنه) പറഞ്ഞു: നബി ﷺ പറഞ്ഞതായി ഞാൻ കേട്ടിട്ടുണ്ട് :

هِيَ مَا بَيْنَ أَنْ يَجْلِسَ الْإِمَامُ إِلَى أَنْ تُقْضَى الصَّلَاةُ

**"ആ സമയം ഇമാം മിമ്പറിൽ ഇരിക്കുകയും, നിസ്കാരം അവസാനിക്കുന്നത് വരെയുമുള്ള സമയമാണ്"**

അതിനാൽ ഖുതുബയിൽ ഇമാം ദുആ ചെയ്യുമ്പോൾ ആമീൻ പറയുവാൻ നാമോരോരുത്തരും ശ്രദ്ധിക്കുക. മാത്രമല്ല ജുമുഅ നിസ്കാരത്തിൽ നാം ദുആഉകൾ അധികരിപ്പിക്കുക. കാരണം ഈ സമയം നിസ്കാരം അവസാനിക്കുന്നത് വരെ നില നിൽക്കുന്നു. പ്രത്യേകിച്ചും ജുമുഅ നിസ്കാരത്തിലെ സുജൂദുകൾ പ്രാർത്ഥനകൾ കൊണ്ട് സജീവമാക്കുക. നബി ﷺ പറയുന്നു:

أَقْرَبُ مَا يَكُونُ الْعَبْدُ مِنْ رَبِّهِ وَهُوَ سَاجِدٌ، فَأَكْثِرُوا الدُّعَاءَ

**"ഒരടിമ തന്റെ റബ്ബിനോട് ഏറ്റവും അടുക്കുന്നത് അവൻ സുജൂദിലായിരിക്കെയാണ്. അതിനാൽ നിങ്ങൾ സുജൂദിൽ പ്രാർത്ഥനകൾ അധികരിപ്പിക്കുക."**

((مسلم (472 –

അത് പോലെ തന്നെ ജുമുഅ നിസ്കാരത്തിൽ സലാം വീട്ടുന്നതിന് മുമ്പുള്ള സമയത്തും ദുആ അധികരിപ്പിക്കുക. മേൽ സൂചിപ്പിച്ചത് പോലെ അതും ഉത്തരം ലഭിക്കപ്പെടുന്ന സമയങ്ങളിലൊന്നാണ്.

## <u>ആറ്: ജുമുഅഃ ദിവസം അസ്വറിന് ശേഷമുള്ള അവസാന സമയം</u>

അഥവാ അസ്വറിന് ശേഷം സൂര്യൻ അസ്തമിക്കുന്നത് വരെയുള്ള അവസാന നേരം. നബി ﷺ പറഞ്ഞു:

يَوْمُ الْجُمُعَةِ ثِنْتَا عَشْرَةَ – يُرِيدُ : سَاعَةً – لَا يُوجَدُ مُسْلِمٌ يَسْأَلُ اللَّهَ عَزَّ وَجَلَّ شَيْئًا إِلَّا آتَاهُ اللَّهُ عَزَّ وَجَلَّ ؛ فَالْتَمِسُوهَا آخِرَ سَاعَةٍ بَعْدَ الْعَصْرِ

**"ജുമുഅ ദിവസത്തെ പന്ത്രണ്ട് സമയങ്ങളായി ഭാഗിക്കപ്പെട്ടിരിക്കുന്നു. അന്നേ ദിവസം ഒരു മുസ്‌ലിം അല്ലാഹുവോട് എന്തെങ്കിലും ഒന്ന് ചോദിച്ചാൽ അവൻ അത് നൽകാതിരിക്കുകയില്ല. അസ്വറിന് ശേഷമുള്ള അവസാന സമയത്ത് നിങ്ങൾ അതിനെ പ്രതീക്ഷിച്ചു കൊള്ളുക."**

(مسلم (472 –

ഇബ്നുൽ ഖയ്യിം -رَحِمَهُ اللَّهُ- അദ്ദേഹത്തിന്റെ 'സാദുൽ മആദ്' എന്ന ഗ്രന്ഥത്തിൽ പറഞ്ഞതായി കാണാം: പ്രാർത്ഥന തള്ളപ്പെടാത്ത ജുമുഅ ദിവസത്തിലെ ശ്രേഷ്ഠമായ സമയം ഏതാണെന്ന വിഷയത്തിൽ മേൽപ്പറഞ്ഞ ശരിയായ രണ്ട് അഭിപ്രായങ്ങളാണുള്ളത്.

ഒന്ന്: ഇമാം മിമ്പറിൽ കയറുകയും, നിസ്കാരം അവസാനിക്കുന്നത് വരെയുമുള്ള സമയം.

രണ്ട്: അസ്വ്റിന് ശേഷം സൂര്യൻ അസ്തമിക്കുന്നത് വരെയുമുള്ള സമയവും.

സ്വന്തത്തിന് നന്മ ആഗ്രഹിക്കുന്നവർ ഈ രണ്ട് പ്രധാന സമയങ്ങളെയും നഷ്ടപ്പെടുത്താതിരിക്കുക. റബ്ബിനോട് പ്രാർത്ഥിച്ചും, തേടിയും ആ സമയത്തെ പ്രത്യേകം പരിഗണിക്കുക.

### 3. മനസ്സിന്റെ ഭയഭക്തിയും, അല്ലാഹുവിന് മുന്നിൽ മനസ്സ് തകർന്ന നിലയിലും, അവനോട് അങ്ങേയറ്റത്തെ താഴ്മയും വിനയവും അടുപ്പവും പ്രകടിപ്പിക്കൽ

ദുആ ചെയ്യുമ്പോഴും മറ്റ് ഇബാദത്തുകൾ നിർവ്വഹിക്കുമ്പോഴും ശ്രദ്ധിക്കേണ്ട വളരെ പ്രധാനപ്പെട്ട ഒന്നാണിത്. അല്ലാഹുവിനെ ഇബാദത്ത് ചെയ്യുമ്പോൾ താഴ്മയും, വിനയവും പ്രകടിപ്പിക്കുക എന്നത് അനിവാര്യമായ കാര്യമാണ്. പ്രത്യേകിച്ചും ദുആ ചെയ്യുന്ന വേളയിൽ. അല്ലാഹു പറയുന്നു:

ٱدۡعُواْ رَبَّكُمۡ تَضَرُّعٗا وَخُفۡيَةًۚ إِنَّهُۥ لَا يُحِبُّ ٱلۡمُعۡتَدِينَ

"താഴ്മയോടു കൂടിയും രഹസ്യമായിക്കൊണ്ടും നിങ്ങൾ നിങ്ങളുടെ റബ്ബിനോട്  പ്രാർത്ഥിക്കുക. പരിധി വിട്ട് പോകുന്നവരെ അല്ലാഹു ഇഷ്ടപ്പെടുക തന്നെയില്ല."

((الأعراف (55 -

ദുആ ചെയ്യുന്ന സന്ദർഭത്തിൽ മര്യാദയോടെയും, ശബ്ദം താഴ്ത്തിയും, ഭക്തിയോടെയും റബ്ബിനോട് ചോദിക്കുക.

ഒരിക്കൽ ചില സ്വഹാബികൾ ശബ്ദമുയർത്തി ദുആ ചെയ്യുന്നത് കേട്ടപ്പോൾ നബി ﷺ ഇപ്രകാരം പറയുകയുണ്ടായി:

ارْبَعُوا عَلَى أَنْفُسِكُمْ إِنَّكُمْ لَا تَدْعُونَ أَصَمَّ وَلَا غَائِبًا إِنَّكُمْ تَدْعُونَ سَمِيعًا قَرِيبًا وَهُوَ مَعَكُمْ

**"നിങ്ങൾ സൗമ്യത കാണിക്കുക. നിങ്ങൾ പ്രാർത്ഥിക്കുന്നത് അടുത്തില്ലാത്തവനോടോ, കേൾക്കാത്തവനോടോ അല്ല. നിങ്ങൾ പ്രാർത്ഥിക്കുന്നത് നിങ്ങളോടൊപ്പമുള്ള എല്ലാം കേൾക്കുന്നവനും, സമീപസ്ഥനുമായ റബ്ബിനോടാണ്."**

((البخاري (2992 -

ഇബ്നു ഹജർ -رحمه الله- പറഞ്ഞു:

**"ദുആ ചെയ്യുമ്പോഴും, ദിക്ർ ചൊല്ലുമ്പോഴും ശബ്ദമുയർത്തൽ വെറുക്കപ്പെട്ടതാണെന്ന് ഈ ഹദീസ് നമ്മെ പഠിപ്പിക്കുന്നു. ഭൂരിഭാഗ സ്വഹാബികളും, താബിഈങ്ങളും ഇതു തന്നെയാണ് അഭിപ്രായപ്പെട്ടിട്ടുള്ളത്."**

((فتح الباري (6/135 -

ശരീഅത്ത് ശബ്ദമുയർത്താൻ പഠിപ്പിച്ചതൊഴികെയുള്ള "എല്ലാ സന്ദർഭങ്ങളിലും ദുആയും, ദിക്റും ശബ്ദം താഴ്ത്തി നിർവ്വഹിക്കൽ സുന്നത്താകുന്നു” എന്ന അധ്യായത്തിലാണ് ഇമാം നവവി -رحمه الله- ഈ ഹദീസ് കൊണ്ടു വന്നത്.

## 4. പ്രാർത്ഥിക്കുമ്പോൾ ഖിബ്‌ലക്ക് മുന്നിടൽ

ഖിബ്‌ലക്ക് അഭിമുഖമായി പ്രാർത്ഥിക്കുക എന്നത് ഒരുവൻ പ്രാർത്ഥനക്ക് എത്രത്തോളം പ്രാധാന്യവും, സ്ഥാനവും നൽകുന്നു എന്ന് മനസ്സിലാക്കുവാൻ സാധിക്കുന്ന ഒരു മര്യാദയാണ്. മാത്രവുമല്ല, നബി ﷺ ധാരാളം വേളകളിൽ ഖിബ്‌ലക്ക് മുന്നിട്ട് ദുആ ചെയ്തത് സ്ഥിരപ്പെട്ടു വന്നിട്ടുമുണ്ട്. ബദ്ർ യുദ്ധവേളയിൽ മുസ്‌ലിംകളെക്കാളും എണ്ണത്തിൽ മുശ്‌രിക്കുകളെ കൂടുതലായി കണ്ടപ്പോൾ നബി ﷺ ഖിബ്‌ലക്ക് മുന്നിട്ട് കൈയ്യുയർത്തി പ്രാർത്ഥിച്ചു. പ്രാർത്ഥിക്കുന്നവർ ഖിബ്‌ലക്ക് മുന്നിടുക എന്നത് അവരുടെ പ്രാർത്ഥന സ്വീകരിക്കപ്പെടാൻ സഹായകമാകുന്ന ഒരു കാര്യമാണ്. അതൊരിക്കലും പ്രാർത്ഥനയുടെ നിബന്ധന അല്ല എങ്കിലും, സ്തുത്യർഹമായ ഒരു മര്യാദയാണത്.

## 5. പ്രാർത്ഥിക്കുമ്പോൾ ശുദ്ധി കൈവരിക്കൽ

പ്രാർത്ഥനയുടെ മറ്റൊരു മര്യാദയാണ് ശുദ്ധിയാവുക എന്നത്. പ്രാർത്ഥിക്കുമ്പോൾ ശുദ്ധിയുള്ളവരാവുക എന്നത് ഏറെ ശ്രേഷ്ഠവും, പൂർണ്ണവുമാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. കാരണം, അശുദ്ധിയുള്ള അവസ്ഥയെക്കാൾ എന്ത് കൊണ്ടും വുദൂഅ് ഉള്ള അവസ്ഥയാണ് നിരുപാധികം പരിപൂർണ്ണമായിട്ടുള്ളത്.

ഒരിക്കൽ നബി ﷺ വുദൂഅ് എടുത്തു കൊണ്ടിരിക്കെ മുഹാജിറുബ്നു ഖുൻഫുദ് -رضي الله عنه- അവിടുത്തോട്

സലാം പറയുകയുണ്ടായി. അവിടുന്ന് വുദൂഅ് പൂർത്തിയാക്കുന്നത് വരെ സലാം മടക്കിയില്ല. ശേഷം സലാം മടക്കുകയും ഇപ്രകാരം പറയുകയും ചെയ്തു:

إِنَّهُ لَمْ يَمْنَعْنِي أَنْ أَرُدَّ عَلَيْكَ إِلَّا أَنِّي كَرِهْتُ أَنْ أَذْكُرَ اللَّهَ إِلَّا عَلَى طَهَارَةٍ

**"ശുദ്ധിയില്ലാത്ത അവസ്ഥയിൽ അല്ലാഹുവിനെ സ്മരിക്കുന്നത് ഞാൻ വെറുക്കുന്നു എന്നത് മാത്രമാണ് നിന്നോട് സലാം മടക്കുവാൻ എനിക്ക് തടസ്സമായത്."**

((أبو داود (17 –

## 6. പ്രാർത്ഥിക്കുമ്പോൾ കരങ്ങൾ ഉയർത്തൽ

നബി ﷺ പറഞ്ഞതായി സൽമാനുൽ ഫാരിസി -رضي الله عنه- രിവായത്ത് ചെയ്യുന്നു:

إِنَّ رَبَّكُمْ تَبَارَكَ وَتَعَالَى حَيِيٌّ كَرِيمٌ يَسْتَحْيِي مِنْ عَبْدِهِ إِذَا رَفَعَ يَدَيْهِ إِلَيْهِ أَنْ يَرُدَّهُمَا صِفْرًا

**“തീർച്ചയായും നിങ്ങളുടെ റബ്ബ് ലജ്ജിക്കുന്നവനും, ഉദാരനുമാകുന്നു. തന്റെ അടിമ ഇരു കരങ്ങളുമുയർത്തി പ്രാർത്ഥിച്ചാൽ അവയെ ശൂന്യമായി മടക്കുവാൻ അവൻ ലജ്ജിക്കുന്നു.”**

((أبو داود (1488 –

നാം കൈകളുയർത്തി റബ്ബിനോട് തേടിയാൽ നമ്മെ വെറും കയ്യോടെ മടക്കുവാൻ നമ്മിൽ നിന്നും ധന്യനായ റബ്ബ് മടിക്കുന്നു.
കാരണം, കൈപത്തിയുടെ ഉൾഭാഗം ആകാശത്തേക്കോ, മുഖത്തേക്കോ അഭിമുഖമായി ഉയർത്തുന്ന രൂപം അങ്ങേയറ്റത്തെ വിനയത്തിന്റെയും, താഴ്മയുടെയും തങ്ങളുടെ ആവശ്യങ്ങളും, ദാരിദ്യവും പ്രകടിപ്പിക്കുന്നതിന്റെയും രൂപങ്ങളിലൊന്നായി

ഗണിക്കപ്പെടുന്നു. അത് കാരണത്താലാണ് അല്ലാഹു അത്തരം പ്രാർത്ഥനകൾക്ക് ഉത്തരം നൽകുവാൻ കാരണമായിത്തീർന്നത്.

നബി ﷺ കൈകൾ ഉയർത്തി പ്രാർത്ഥിച്ചു എന്ന് വ്യക്തമാക്കുന്ന ധാരാളം ഹദീസുകളുണ്ട്. മാത്രവുമല്ല പ്രയാസങ്ങൾ കഠിനമാകുന്ന സന്ദർഭങ്ങളിൽ കൈകൾ ഉയർത്തി പ്രാർത്ഥിക്കുവാൻ മറ്റ് സന്ദർഭങ്ങളിൽ കൈയ്യുർത്തുന്നതിനേക്കാൾ പ്രത്യേകം അവിടുന്ന് ശ്രദ്ധിച്ചിരുന്നു.

മുമ്പ് നാം സൂചിപ്പിച്ചത് പോലെ ബദ്ർ യുദ്ധവേളയിൽ മുസ്‌ലിംകളെക്കാളും എണ്ണത്തിൽ മുശ്‌രിക്കുകളെ കൂടുതലായി കണ്ടപ്പോൾ നബി ﷺ ഖിബ്‌ലക്ക് മുന്നിട്ട് കൈയ്യുയർത്തി പ്രാർത്ഥിച്ചു. ആ സന്ദർഭത്തെ വിവരിച്ചു കൊണ്ട് ഉമറുബ്നുൽ ഖത്ത്വാബ് -رضي الله عنه- പറഞ്ഞു:

فَمَا زَالَ يَهْتِفُ بِرَبِّهِ مَادًّا يَدَيْهِ مُسْتَقْبِلَ الْقِبْلَةِ، حَتَّى سَقَطَ رِدَاؤُهُ عَنْ مَنْكِبَيْهِ

**"നബി ﷺ യുടെ മേൽ മുണ്ട് നിലത്ത് വീഴുവോളം അവിടുന്ന് ഇരു കൈകളുമുയർത്തി ഖിബ്‌ലക്ക് അഭിമുഖമായി റബ്ബിനോട് ദുആ ചെയ്തു കൊണ്ടേയിരുന്നു."**

((مسلم (1763 –

അത് പോലെ, വരൾച്ചയുണ്ടായപ്പോൾ മിമ്പറിൽ കയറി മഴക്ക് വേണ്ടി പ്രാർത്ഥിച്ചപ്പോഴും അവിടുന്ന് കൈകൾ ഉയർത്തുകയുണ്ടായി. അനസ് ബ്നു മാലിക് -رضي الله عنه- പറഞ്ഞു:

أيت رسول الله ﷺ يرفع يديه في الدعاء حتى يرى بياض إبطيه

**നബി ﷺ യുടെ കക്ഷത്തിലെ വെളുപ്പ് കാണുമാറ് അവിടുന്ന് കൈകളുയർത്തി പ്രാർത്ഥിക്കുന്നതായി ഞാൻ കണ്ടു.**

## 7. പ്രാർത്ഥനക്ക് മുമ്പ് അല്ലാഹുവിനെ സ്തുതിച്ചും, പുകഴ്ത്തിയും ശേഷം നബി ﷺ യുടെ മേൽ സ്വലാത്ത് ചൊല്ലിയും ആരംഭിക്കൽ

ഫദ്വാലത്ത് ബ്നു ഉബൈദ് -رضي الله عنه- പറഞ്ഞു:

سَمِعَ رَسُولُ اللَّهِ ﷺ رَجُلًا يَدْعُو فِي صَلَاتِهِ لَمْ يُمَجِّدِ اللَّهَ تَعَالَى، وَلَمْ يُصَلِّ عَلَى النَّبِيِّ ﷺ، فَقَالَ رَسُولُ اللَّهِ ﷺ : " عَجِلَ هَذَا " ثُمَّ دَعَاهُ فَقَالَ لَهُ – أَوْ لِغَيْرِهِ : " إِذَا صَلَّى أَحَدُكُمْ فَلْيَبْدَأْ بِتَمْجِيدِ رَبِّهِ جَلَّ وَعَزَّ، وَالثَّنَاءِ عَلَيْهِ، ثُمَّ يُصَلِّي عَلَى النَّبِيِّ ﷺ، ثُمَّ يَدْعُو بَعْدُ بِمَا شَاءَ

**"ഒരിക്കൽ ഒരു വ്യക്തി അല്ലാഹുവിനെ പുകഴ്ത്താതെയും, നബി ﷺ യുടെ മേൽ സ്വലാത്ത് ചൊല്ലാതെയും പ്രാർത്ഥിക്കുന്നതായി റസൂൽ ﷺ കേൾക്കുകയുണ്ടായി. അപ്പോൾ അവിടുന്ന് പറഞ്ഞു: ഇയാൾ ധൃതി കാണിച്ചിരിക്കുന്നു. ശേഷം അവിടുന്ന് ആ വ്യക്തിയെ അടുത്തേക്ക് വിളിക്കുകയും, ഇപ്രകാരം പറയുകയും ചെയ്തു: നിങ്ങളിലാരെങ്കിലും പ്രാർത്ഥിക്കാൻ ഒരുങ്ങിയാൽ അല്ലാഹുവിനെ സ്തുതിച്ചു കൊണ്ടും, അവനെ പുകഴ്ത്തിക്കൊണ്ടും ആരംഭിക്കുക. ശേഷം നബി ﷺ യുടെ മേൽ സ്വലാത്ത് ചൊല്ലുകയും, പിന്നീട് അവൻ ഉദ്ദേശിക്കുന്നത് പ്രാർത്ഥിച്ചു കൊള്ളുകയും ചെയ്യട്ടെ."**

(أبو داود) 1471 –

ഒരു മുസ്‌ലിം പ്രാർത്ഥന തുടങ്ങുന്നതിന് മുമ്പായി റബ്ബിനെ സ്തുതിക്കുകയും പുകഴ്ത്തുകയും, നബി ﷺ യുടെ മേൽ സ്വലാത്ത് ചൊല്ലുകയും ചെയ്യുക എന്നത് അവന്റെ പ്രാർത്ഥനയുടെ പൂർണ്ണതയുടെ ഭാഗമാണ്. ഇതിലൂടെ ബാങ്കിന് ശേഷമുള്ള പ്രാർത്ഥനയുടെയും, നിസ്കാരത്തിൽ നിന്ന് സലാം വീട്ടുന്നതിന് തൊട്ടു മുമ്പുള്ള പ്രാർത്ഥനയുടെയും ശ്രേഷ്ഠത നമുക്ക് മനസ്സിലാക്കാം.

കാരണം, മേൽപ്പറഞ്ഞ രണ്ട് സന്ദർഭങ്ങളിലും റബ്ബിനെ പുകഴ്ത്തലും, നബി ﷺ യുടെ മേലുള്ള സ്വലാത്തും ഉൾപ്പെട്ടിരിക്കുന്നു. അതുകൊണ്ട് തന്നെ അവക്ക് ശേഷമുള്ള പ്രാർത്ഥനക്ക് ഉത്തരം ലഭിക്കുവാൻ സാധ്യതയേറുന്നു.

## 8. പ്രാർത്ഥനക്ക് മുന്നോടിയായി അല്ലാഹുവിനോട് പാപമോചനം തേടലും, അവനിലേക്ക് പശ്ചാത്തപിച്ചു മടങ്ങലും

(التوبة والاستغفار بين يدي الدعاء)

പ്രാർത്ഥനയുടെ സ്വീകാര്യതക്ക് തടസ്സമാകുന്ന വളരെ ഗൗരവകരമായ ഒന്നാണ് നമ്മുടെ പാപങ്ങൾ.
നബി ﷺ ഒരിക്കൽ ഒരു വ്യക്തിയെ കുറിച്ച് പരാമർശിക്കുകയുണ്ടായി. അവിടുന്ന് പറഞ്ഞു:

ثُمَّ ذَكَرَ الرَّجُلَ يُطِيلُ السَّفَرَ أَشْعَثَ أَغْبَرَ يَمُدُّ يَدَيْهِ إِلَى السَّمَاءِ : يَا رَبِّ يَا رَبِّ، وَمَطْعَمُهُ حَرَامٌ، وَمَشْرَبُهُ حَرَامٌ، وَمَلْبَسُهُ حَرَامٌ، وَغُذِيَ بِالْحَرَامِ، فَأَنَّى يُسْتَجَابُ لِذَلِكَ "

**"അയാൾ സുദീർഘമായ യാത്രയിലാണ്. മുടി ജടകുത്തുകയും, ശരീരമാസകലം പൊടി പടരുകയും ചെയ്തിരിക്കുന്നു. തന്റെ ഇരു കൈകളുമുയർത്തി അയാൾ എന്റെ റബ്ബേ, എന്റെ റബ്ബേ എന്ന് വിളിച്ചു കൊണ്ടിരിക്കുന്നു. എന്നാൽ അയാളുടെ ഭക്ഷണവും, പാനീയവും, വസ്ത്രവുമെല്ലാം ഹറാമാണ്. അയാൾ ഹറാമിൽ കൂപ്പുക്കുത്തിയ നിലയിലുമാണ്. പിന്നെ എങ്ങനെ അവന്റെ പ്രാർത്ഥനക്ക് ഉത്തരം ലഭിക്കും?!"**

((مسلم (1015 –

ഈ ഹദീസിൽ പറയപ്പെട്ട വ്യക്തി യാത്രക്കാരനാണ് എന്നതും, അയാൾ കരങ്ങളുയർത്തി എന്നതുമെല്ലാം അയാളുടെ പ്രാർത്ഥന സ്വീകരിക്കപ്പെടാനുള്ള

കാരണങ്ങളിൽ പെട്ടതായിരുന്നു. എന്നിട്ടും അയാളുടെ പ്രാർത്ഥനക്ക് ഉത്തരം ലഭിക്കപ്പെട്ടില്ല. കാരണം, അയാൾ അല്ലാഹു നിഷിദ്ധമാക്കിയ കാര്യങ്ങളിൽ നിന്നും വിട്ടുനിൽക്കാതെ ഹറാമുകളിൽ വ്യഹരിച്ചു എന്നത് മാത്രമാണ്.

സലഫുകളിൽ ചിലർ പറഞ്ഞു: "**നീ പ്രാർത്ഥിച്ചാൽ ഉത്തരം ലഭിക്കുവാൻ വൈകുന്നതായി നീ കണക്കാക്കേണ്ടതില്ല. (യഥാർത്ഥത്തിൽ) നീ അതിന്റെ മാർഗ്ഗങ്ങൾ തിന്മകൾ കൊണ്ട് തടസ്സപ്പെടുത്തിയിരിക്കുകയാണ്.**"

((شعب الإيمان للبيهقي (1015 –

അത് കൊണ്ടാണ് നബി ﷺ ദിനേന നൂറ് തവണ അല്ലാഹുവിനോട് പാപമോചനം തേടുകയും, അവനിലേക്ക് പശ്ചാത്തപിച്ചു മടങ്ങുകയും ചെയ്തത്. മാത്രവുമല്ല, നമ്മെ അതിനായി ധാരാളം പ്രോത്സാഹിപ്പിക്കുകയും ചെയ്തിട്ടുണ്ട്. അവിടുന്ന് ﷺ പറഞ്ഞു :

يَا أَيُّهَا النَّاسُ، تُوبُوا إِلَى اللَّهِ، فَإِنِّي أَتُوبُ فِي الْيَوْمِ إِلَيْهِ مِائَةَ مَرَّةٍ

"**അല്ലയോ ജനങ്ങളെ, നിങ്ങൾ അല്ലാഹുവിലേക്ക് ഖേദിച്ച് മടങ്ങുക. തീർച്ചയായും ഞാൻ ഒരു ദിവസം നൂറ് തവണ അവനിലേക്ക്  ഖേദിച്ച് മടങ്ങുന്നുണ്ട്.**"

((مسلم (2702 –

അതിനാൽ സ്വന്തത്തിന് നന്മയാഗ്രഹിക്കുന്ന ഓരോ വിശ്വാസിയും തൗബയും, ഇസ്തിഗ്ഫാറും അധികരിപ്പിക്കുക. അതോടൊപ്പം തങ്ങളുടെ തിന്മകളും, ന്യൂനതകളും തിരിച്ചറിയുകയും, അതിൽ അതിയായി ഖേദിക്കുകയും, അതിലേക്ക് ഒരു മടക്കമില്ലാ എന്ന ഉറച്ച തീരുമാനമെടുക്കുകയും ചെയ്യുക. പ്രത്യേകിച്ചും, റബ്ബിനോട്

പ്രാത്ഥിക്കുന്ന വേളയിലെങ്കിലും. കാരണം, അത് അല്ലാഹു നമുക്ക് പൊറുത്തു നൽകുവാനും, നമ്മുടെ പ്രാർത്ഥനകൾ സ്വീകരിക്കുവാനും കാരണമാകുന്നു.

## 9. ആവശ്യങ്ങൾ ആവർത്തിക്കലും, ഉത്തരം ലഭിക്കുവാൻ തിടുക്കം കൂട്ടാതിരിക്കലും

(الإلحاح في الدعاء وعدم استعجال الإجابة)

അബൂ ഹുറൈയ്റ -رضي الله عنه- രിവായത്ത് ചെയ്യുന്ന ഹദീസിൽ നബി ﷺ പറഞ്ഞു:

يُسْتَجَابُ لِأَحَدِكُمْ مَا لَمْ يَعْجَلْ، يَقُولُ : دَعَوْتُ فَلَمْ يُسْتَجَبْ لِي

**"നിങ്ങളിലൊരാൾക്ക് തിടുക്കം കൂട്ടാത്തിടത്തോളം ഉത്തരം ലഭിക്കപ്പെടും. തിടുക്കം കൂട്ടി അവൻ പറയും: ഞാൻ റബ്ബിനോട് ചോദിച്ചു പക്ഷെ എനിക്ക് നൽകപ്പെടുന്നില്ല."**

((البخاري (6340 –

പ്രാർത്ഥനയുടെ മഹത്തായ ഒരു മര്യാദയാണ് ശ്രേഷ്ഠകരമായ സമയങ്ങൾ തിരഞ്ഞെടുത്ത് കൊണ്ട് അല്ലാഹുവിനോട് ചോദ്യം ആവർത്തിച്ചു കൊണ്ടിരിക്കുക എന്നത്. **“ഏതൊരുവൻ വാതിൽ മുട്ടുന്നത് തുടർന്നുവോ അവനത് തുറക്കപ്പെടാനായിരിക്കുന്നു.”**

സൂറത്തു ആലു ഇംറാനിൽ ഉലുൽ അൽബാബിന്റെ (സൽബുദ്ധിയുള്ളവർ) പ്രാർത്ഥനയിൽ ഞങ്ങളുടെ റബ്ബേ, എന്ന വാക്ക് അഞ്ച് തവണ ആവർത്തിച്ചതായി കാണാം. അതിന്റെ അവസാനത്തിൽ അല്ലാഹു പറഞ്ഞു:

فَٱسۡتَجَابَ لَهُمۡ رَبُّهُمۡ

**"അപ്പോൾ അവരുടെ റബ്ബ് അവർക്ക് ഉത്തരം നൽകി"**

((سورة آل عمران 195) -

ഉലുൽ അൽബാബിന്റെ പ്രാർത്ഥനകൾ താഴെ നൽകാം.

رَبَّنَا مَا خَلَقْتَ هَـٰذَا بَـٰطِلًا سُبْحَـٰنَكَ فَقِنَا عَذَابَ ٱلنَّارِ

"ഞങ്ങളുടെ റബ്ബേ, നീ നിരർത്ഥകമായി സൃഷ്ടിച്ചതല്ല ഇത്. നീ എത്രയോ പരിശുദ്ധൻ. അതിനാൽ നരകശിക്ഷയിൽ നിന്ന് ഞങ്ങളെ കാത്തു രക്ഷിക്കണമേ."

رَبَّنَآ إِنَّكَ مَن تُدْخِلِ ٱلنَّارَ فَقَدْ أَخْزَيْتَهُ وَمَا لِلظَّـٰلِمِينَ مِنْ أَنصَارٍ

"ഞങ്ങളുടെ റബ്ബേ, നീ വല്ലവനെയും നരകത്തിൽ പ്രവേശിപ്പിച്ചാൽ അവനെ നിന്ദ്യനാക്കിക്കഴിഞ്ഞു. അക്രമികൾക്ക് സഹായികളായി ആരുമില്ല താനും"

رَّبَّنَآ إِنَّنَا سَمِعْنَا مُنَادِيًا يُنَادِى لِلْإِيمَـٰنِ أَنْ ءَامِنُوا۟ بِرَبِّكُمْ فَـَٔامَنَّا رَبَّنَا فَٱغْفِرْ لَنَا ذُنُوبَنَا وَكَفِّرْ عَنَّا سَيِّـَٔاتِنَا وَتَوَفَّنَا مَعَ ٱلْأَبْرَارِ

"ഞങ്ങളുടെ റബ്ബേ, സത്യവിശ്വാസത്തിലേക്ക് ക്ഷണിക്കുന്ന ഒരു പ്രബോധകൻ നിങ്ങൾ നിങ്ങളുടെ റബ്ബിൽ വിശ്വസിക്കുവിൻ എന്നു പറയുന്നത് ഞങ്ങൾ കേട്ടു. അങ്ങനെ ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. ഞങ്ങളുടെ റബ്ബേ, അതിനാൽ ഞങ്ങളുടെ പാപങ്ങൾ ഞങ്ങൾക്ക് നീ പൊറുത്തുതരികയും ഞങ്ങളുടെ തിൻമകൾ ഞങ്ങളിൽ നിന്ന് നീ മായ്ച്ചുകളയുകയും ചെയ്യേണമേ. പുണ്യവാൻമാരുടെ കൂട്ടത്തിലായി ഞങ്ങളെ നീ മരിപ്പിക്കുകയും ചെയ്യേണമേ."

رَبَّنَا وَءَاتِنَا مَا وَعَدتَّنَا عَلَىٰ رُسُلِكَ وَلَا تُخْزِنَا يَوْمَ ٱلْقِيَـٰمَةِ إِنَّكَ لَا تُخْلِفُ ٱلْمِيعَادَ

ഞങ്ങളുടെ റബ്ബേ, നിൻറെ ദൂതൻമാർ മുഖേന ഞങ്ങളോട് നീ വാഗ്ദാനം ചെയ്തത് ഞങ്ങൾക്ക് നൽകുകയും ഉയിർത്തെഴുന്നേൽപിൻറെ നാളിൽ ഞങ്ങൾക്കു നീ നിന്ദ്യത വരുത്താതിരിക്കുകയും ചെയ്യേണമേ. നീ വാഗ്ദാനം ലംഘിക്കുകയില്ല; തീർച്ച.

- (سورة ال عمران 191-194)

പ്രാർത്ഥനക്ക് ഉത്തരം ലഭിക്കുവാൻ തിടുക്കം കാണിക്കാതിരിക്കുക എന്നത് വളരെ അനിവാര്യമായ കാര്യമാണ്. കാരണം, ഉത്തരം ലഭിക്കുവാൻ തിടുക്കം കാണിക്കൽ പ്രാർത്ഥന മൂലം നമ്മുടെ ജീവിതത്തിൽ ഉണ്ടാകുന്ന നല്ല സ്വാധീനങ്ങളെ തടയുന്ന വലിയ അപകടത്തിൽ പെട്ടതാണ്. മാത്രവുമല്ല, തിടുക്കം കൂട്ടുന്നവർ പൊതുവേ പ്രാർത്ഥനക്കുള്ള ഉത്തരം വൈകിയതായി കണക്കാക്കുകയും, അതിൽ ക്ഷീണിക്കുകയും പ്രാർത്ഥന തന്നെ ഉപേക്ഷിക്കുകയും ചെയ്യുന്ന അവസ്ഥയിലേക്കെത്തുന്നു. **ഒരുവൻ ഒരു ചെടി നടുകയും, അതിനെ നന്നായി സംരക്ഷിക്കുകയും, വെള്ളം നനക്കുകയും ചെയ്തു. എന്നിട്ട് ആ ചെടി പൂർണ്ണമായ വളർച്ചയിലേക്കും, കായ്കൾ നൽകുവാനുള്ള അവസ്ഥയിലേക്കെത്തുമ്പോൾ അവൻ അതിനെ ഉപേക്ഷിക്കുകയും, അവഗണിക്കുകയും ചെയ്യുന്നു. അവനാകട്ടെ അതിൽ നിന്ന് യാതൊരു നേട്ടവും ലഭിച്ചതുമില്ല.** ഇപ്രകാരമാണ് പ്രാർത്ഥനക്ക് ഉത്തരം ലഭിക്കുവാൻ വൈകുമ്പോൾ പ്രാർത്ഥനയെ തന്നെ ഉപേക്ഷിക്കുന്നവൻ്റെ അവസ്ഥ.

ഇവിടെ നാം ശ്രദ്ധിക്കേണ്ട വളരെ ഉപകാരപ്രദമായ ഒരു കാര്യം ഇമാം ഇബ്നുൽ ഖയ്യിം -رحمه الله- പറയുന്നുണ്ട്. **അഥവാ, ദുആ ചെയ്യുന്നവൻ റബ്ബിനോട് തൻ്റെ ചോദ്യങ്ങൾ**

**ആവർത്തിക്കുമ്പോൾ വളരെ മാന്യമായും, മര്യാദയോടെയും, വിനയത്തോടെയുമാണ് അവൻ ആവർത്തിക്കേണ്ടത്. തന്റെ ആവശ്യങ്ങൾ അവൻ റബ്ബിന്റെ മുന്നിൽ അവതരിപ്പിക്കുകയും ചെയ്യട്ടെ.**

(( الجواب الكافي (15 -

## 10. പ്രാർത്ഥനയിൽ റബ്ബിലുള്ള പ്രതീക്ഷയും, ഭയവും ഒരുമിപ്പിക്കൽ

(الجمع في الدعاء بين الرغبة والرهبة)

പ്രാർത്ഥനയിലും, മറ്റു ഇബാദത്തുകളിലും ഭയവും, പ്രതീക്ഷയും ഒരുമിപ്പിക്കുക എന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. അത് കൊണ്ട് തന്നെ ഓരോ വിശ്വാസിയും തന്റെ ഓരോ ആരാധനാ കർമ്മങ്ങളിലും ഭയവും, പ്രതീക്ഷയും ഒരുമിപ്പിക്കുന്നവരാവുക എന്നത് വളരെ അനിവാര്യമാണ്. സൂറത്തുൽ അമ്പിയാഇൽ പ്രവാചകന്മാരുടെ ചരിത്രം വിശദീകരിക്കവെ പരീക്ഷണങ്ങളിൽ നിന്നും പ്രതിസന്ധികളിൽ നിന്നും അവരെ എങ്ങനെയാണ് രക്ഷിച്ചത് എന്ന് അല്ലാഹു വിശദീകരിച്ചിട്ടുണ്ട്. അല്ലാഹു പറഞ്ഞു:

إِنَّهُمْ كَانُوا۟ يُسَـٰرِعُونَ فِى ٱلْخَيْرَٰتِ وَيَدْعُونَنَا رَغَبًا وَرَهَبًا ۖ وَكَانُوا۟ لَنَا خَـٰشِعِينَ

"അവർ (പ്രവാചകൻമാർ) ഉത്തമകാര്യങ്ങൾക്ക് ധൃതികാണിക്കുകയും, ആശിച്ച് കൊണ്ടും, പേടിച്ചുകൊണ്ടും നമ്മോട് പ്രാർത്ഥിക്കുകയും ചെയ്യുന്നവരായിരുന്നു. അവർ നമ്മോട് താഴ്മ കാണിക്കുന്നവരുമായിരുന്നു."

((سورة الأنبياء (90 -

അവർ തങ്ങളുടെ പ്രാർത്ഥനകളിൽ ഭയവും, പ്രതീക്ഷയും ഒരുമിപ്പിച്ചവരായിരുന്നു. പ്രതീക്ഷയെന്നാൽ അല്ലാഹുവിങ്കലുള്ള പ്രതിഫലത്തെ ആശിക്കലാണ്.

അപ്രകാരം; പ്രാർത്ഥിക്കുന്നവർ റബ്ബിൽ നിന്നുള്ള ഔദാര്യവും, അനുഗ്രഹവും പ്രതീക്ഷിച്ച് പ്രാർത്ഥിക്കുക. ഭയമെന്നാൽ അല്ലാഹുവിന്റെ കോപത്തെയും വേദനയേറിയ ശിക്ഷയെയും അതിയായി പേടിക്കലുമാണ്. പരിപൂർണ വിശ്വാസികളുടെ വിശേഷണങ്ങൾ വിശദീകരിക്കവെ അല്ലാഹു പറഞ്ഞു:

ٱلَّذِينَ يُؤْتُونَ مَآ ءَاتَوا۟ وَّقُلُوبُهُمْ وَجِلَةٌ أَنَّهُمْ إِلَىٰ رَبِّهِمْ رَٰجِعُونَ

"റബ്ബിങ്കലേക്ക് തങ്ങൾ മടങ്ങിച്ചെല്ലേണ്ടവരാണല്ലോ എന്ന് മനസ്സിൽ ഭയമുള്ളതോടു കൂടി തങ്ങൾ ദാനം ചെയ്യുന്നതെല്ലാം ദാനം ചെയ്യുന്നവരുമാണവർ."

((سورة المؤمنون (60 -

അല്ലാഹുവിൽ നിന്ന് പ്രതിഫലം കരസ്ഥമാക്കുന്നതിന് വേണ്ടി അവർ പരിശ്രമിക്കുന്നതോടൊപ്പം തങ്ങളുടെ പ്രവർത്തനങ്ങൾ അല്ലാഹു സ്വീകരിക്കുമോ എന്ന ഭയത്തിലായിക്കും അവരുടെ ഹൃദയങ്ങൾ. അങ്ങനെ ഇബാദത്തുകളിൽ അവർ ഭയവും, പ്രതീക്ഷയും ഒരുമിപ്പിക്കുന്നു.

സമാനമായ കാര്യം മഹാനായ ഇബ്റാഹീം നബി ﷺ കഅ്ബ പടുത്തുയർത്തിയ ശേഷം അല്ലാഹുവിനോട് നടത്തിയ പ്രാർത്ഥനയിലും നമുക്ക് കാണാം. അദ്ദേഹം പ്രാർത്ഥിച്ചു:

رَبَّنَا تَقَبَّلْ مِنَّآ ۖ إِنَّكَ أَنتَ ٱلسَّمِيعُ ٱلْعَلِيمُ

"ഞങ്ങളുടെ റബ്ബേ, ഞങ്ങളിൽ നിന്ന് നീയിത് സ്വീകരിക്കേണമേ. തീർച്ചയായും നീ എല്ലാം കേൾക്കുന്നവനും അറിയുന്നവനുമാകുന്നു."

((سورة البقرة (127 -

ഇബ്റാഹീം നബി ﷺ ഉലുൽ അസ്മിൽ പ്പെട്ട മഹാനായ പ്രവാചകനാണ്!. അവിടുന്ന് അല്ലാഹുവിന്റെ ഖലീലാണ്!. അദ്ദേഹം നില കൊണ്ട പ്രവർത്തനമാകട്ടെ റബ്ബിന്റെ കൽപ്പന പ്രകാരം അവന്റെ ഭവനത്തിന്റെ പരിപാലനവുമാണ്!. അതോടൊപ്പം അവിടുന്ന് നടുക്കത്തോടെ ആ പ്രവർത്തനം സ്വീകരിക്കപ്പെടുന്നതിന് വേണ്ടി പ്രാർത്ഥിച്ചു!!

ഒരിക്കൽ ഈ ആയത്ത് പാരായണം ചെയ്യവെ വുഹൈബ് ബ്നു വർദ് -رَحِمَهُ اللَّهُ- കരയുകയുണ്ടായി. എന്നിട്ട് അദ്ദേഹം പറഞ്ഞു. **അല്ലയോ അല്ലാഹുവിന്റെ ഖലീലേ, അങ്ങ് റബ്ബിന്റെ ഭവനത്തിന്റെ പടവുകൾ ഉയർത്തുന്നു എന്നിട്ട് അങ്ങ് തന്നെ അത് സ്വീകരിക്കപ്പെടുമോ എന്നതിൽ ഭയക്കുന്നു.**

(تفسير القرآن العظيم لابن كثير (1/247)

## 11. അല്ലാഹുവിന്റെ ഏകത്വവും, അവന്റെ നാമഗുണവിശേഷണങ്ങളും മുൻനിർത്തി ചോദിക്കൽ

അല്ലാഹുവിന്റെ നാമങ്ങളും, വിശേഷണങ്ങളും മുൻനിർത്തി പ്രാർത്ഥിക്കുക എന്നത് പ്രാർത്ഥനക്ക് ഉത്തരം ലഭിക്കാൻ കാരണമാകുന്ന ഒന്നാണ്. അല്ലാഹു നമ്മോട് കൽപ്പിച്ച കാര്യവുമാണത്. അല്ലാഹു പറഞ്ഞു:

وَلِلَّهِ ٱلْأَسْمَآءُ ٱلْحُسْنَىٰ فَٱدْعُوهُ بِهَا

**"അല്ലാഹുവിന് ഏറ്റവും നല്ല പേരുകളുണ്ട്. അതിനാൽ ആ പേരുകൾ കൊണ്ട് അവനെ നിങ്ങൾ വിളിച്ചുകൊള്ളുക."**

[سورة الأعراف 180] -

നബി ﷺ യുടെയും മറ്റ് നബിമാരുടെയുമെല്ലാം പ്രാർത്ഥനകൾ പരിശോധിക്കുന്ന ഓരോ വ്യക്തിക്കും ഇത് പ്രകടമായി കാണുവാൻ സാധിക്കും. ഓരോ ആവശ്യങ്ങൾക്കും അനുയോജ്യമായ അല്ലാഹുവിന്റെ നാമങ്ങൾ അടങ്ങിയ പ്രാർത്ഥനകളായിരിക്കും അവരുടേത്.

ശുഐബ് ﷺ യുടെ ഒരു പ്രാർത്ഥന കാണുക:

رَبَّنَا ٱفْتَحْ بَيْنَنَا وَبَيْنَ قَوْمِنَا بِٱلْحَقِّ وَأَنتَ خَيْرُ ٱلْفَـٰتِحِينَ

"ഞങ്ങളുടെ റബ്ബേ, ഞങ്ങൾക്കും ഞങ്ങളുടെ ജനങ്ങൾക്കുമിടയിൽ നീ സത്യപ്രകാരം തീർപ്പുണ്ടാക്കണമേ. നീയാണ് തീർപ്പുണ്ടാക്കുന്നവരിൽ ഉത്തമൻ"

(سورة الأعراف 89) -

ഈസാ ﷺ യുടെ പ്രാർത്ഥന:

وَٱرْزُقْنَا وَأَنتَ خَيْرُ ٱلرَّٰزِقِينَ

"ഞങ്ങൾക്ക് നീ ഉപജീവനം നൽകുകയും ചെയ്യേണമേ. നീ ഉപജീവനം നൽകുന്നവരിൽ ഏറ്റവും ഉത്തമനാണല്ലോ"

(سورة المائدة 11) -

നബി ﷺ അബൂ ബക്ര്‍ -رضي الله عنه- വിന് പഠിപ്പിച്ചു കൊടുത്ത പ്രാർത്ഥന ഇപ്രകാരമാണ്:

اللَّهُمَّ إِنِّي ظَلَمْتُ نَفْسِي ظُلْمًا كَثِيرًا، وَلاَ يَغْفِرُ الذُّنُوبَ إِلاَّ أَنْتَ، فَاغْفِرْ لِي مَغْفِرَةً مِنْ عِنْدِكَ وَارْحَمْنِي، إِنَّكَ أَنْتَ الغَفُورُ الرَّحِيمُ

**"അല്ലാഹുവേ, ഞാൻ എന്നോട് തന്നെ ധാരാളം അക്രമം ചെയ്തുപോയി, നീയല്ലാതെ ആ പാപങ്ങൾ പൊറുക്കുകയില്ല. അതിനാൽ നിന്റെ ഭാഗത്ത് നിന്ന് പാപമോചനം നൽകേണമേ, എന്നോട് കരുണ ചെയ്യേണമേ, തീർച്ചയായും നീ തന്നെയാണ്**

**ധാരാളമായി പൊറുക്കു ന്നവനും കരുണ ചെയ്യുന്നവനും."**

അല്ലാഹുവിന്റെ  ഉന്നതങ്ങളായ നാമങ്ങൾ മുൻനിർത്തി പ്രാർത്ഥിക്കുവാൻ നബി ﷺ നമ്മെ പഠിപ്പിച്ചു. അവിടുന്ന് ﷺ പറഞ്ഞു:
ഒരുവന് വല്ല സങ്കടമോ, മനപ്രയാസമോ ബാധിക്കുകയും തുടർന്ന് അവൻ ഇപ്രകാരം പറയുകയും ചെയ്തു:

**“അല്ലാഹുവേ! ഞാൻ നിന്റെ അടിമയും നിന്റെ അടിമയുടെ പുത്രനും, നിന്റെ അടിമസ്ത്രീയുടെ മകനുമാണ്. എന്റെ മൂർദ്ദാവ് (കടിഞ്ഞാൺ) നിന്റെ കയ്യിലാണ്. നിന്റെ തീരുമാനം എന്നിൽ നടപ്പാകുന്നു. നിന്റെ വിധി (ഖദ്വാഅ്) എന്നിൽ നീതിയാകുന്നു. നീ നിനക്ക് നിശ്ചയിച്ചതും, നിന്റെ ഗ്രന്ഥത്തിൽ അവതരിപ്പിച്ചതും, നിന്റെ സൃഷ്ടികളിൽ ആരെയെങ്കിലും നീ പഠിപ്പിച്ചതും, നിന്റെ പക്കലുള്ള മറഞ്ഞിരിക്കുന്ന ജ്ഞാനത്തിൽ നീ സ്വന്തമാക്കിവെച്ചതുമായ നിനക്കുള്ള മുഴുവൻ പേരുകളേയും കൊണ്ട് ഞാൻ തേടുന്നു, ഖുർആൻ എന്റെ ഹൃദയത്തിന് വസന്തവും, എന്റെ നെഞ്ചിന് പ്രകാശവും, എന്റെ ദുഃഖത്തിന് പരിഹാരവും, എന്റെ വിഷാദം നീക്കുന്നതുമാക്കി തീർക്കേണ."**

**എങ്കിൽ അവന്റെ സങ്കടവും, മനപ്രയാസവും അല്ലാഹു നീക്കം ചെയ്യുകയും, അതേ സ്ഥാനത്ത്  സന്തോഷവും, തുറവിയും അവൻ പകരം നൽകുകയും ചെയ്യാതിരിക്കുകയില്ല.**

**സ്വഹാബികൾ ചോദിച്ചു: അല്ലാഹുവിന്റെ റസൂലേ ഈ പ്രാർത്ഥന ഞങ്ങൾ പഠിക്കേണ്ടതുണ്ടോ..?! അവിടുന്ന് പറഞ്ഞു: അതെ ഇത് കേട്ടവൻ പഠിക്കൽ വളരെ അനിവാര്യമാണ്.**

البخاري (834) –

അപ്രകാരം തന്നെ അല്ലാഹുവിന്റെ ഏകത്വവും, അവനിലുള്ള വിശ്വാസവും മുൻനിർത്തി ചോദിക്കൽ മതനിയമമാക്കപ്പെട്ടതും, പുണ്യകരവുമാണ്. മാത്രമല്ല, പ്രാർത്ഥന സ്വീകരിക്കപ്പെടാനുള്ള മഹത്തായ ഒരു കാരണം കൂടിയാണത്. വിശ്വാസികളുടെ പ്രാർത്ഥനയായി അല്ലാഹു പരാമർശിച്ച ഒരു പ്രാർത്ഥന കാണുക

رَّبَّنَآ إِنَّنَا سَمِعۡنَا مُنَادِيًا يُنَادِي لِلۡإِيمَٰنِ أَنۡ ءَامِنُواْ بِرَبِّكُمۡ فَـَٔامَنَّاۚ رَبَّنَا فَٱغۡفِرۡ لَنَا ذُنُوبَنَا وَكَفِّرۡ عَنَّا سَيِّـَٔاتِنَا وَتَوَفَّنَا مَعَ ٱلۡأَبۡرَارِ

"ഞങ്ങളുടെ റബ്ബേ, സത്യവിശ്വാസത്തിലേക്ക് ക്ഷണിക്കുന്ന ഒരു പ്രബോധകൻ നിങ്ങൾ നിങ്ങളുടെ റബ്ബിൽ വിശ്വസിക്കുവിൻ എന്നു പറയുന്നത് ഞങ്ങൾ കേട്ടു. അങ്ങനെ ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. ഞങ്ങളുടെ റബ്ബേ, അതിനാൽ ഞങ്ങളുടെ പാപങ്ങൾ ഞങ്ങൾക്ക് നീ പൊറുത്തുതരികയും ഞങ്ങളുടെ തിന്മകൾ ഞങ്ങളിൽ നിന്ന് നീ മായ്ച്ചുകളയുകയും ചെയ്യേണമേ. പുണ്യവാന്മാരുടെ കൂട്ടത്തിലായി ഞങ്ങളെ നീ മരിപ്പിക്കുകയും ചെയ്യേണമേ."

[سورة آل عمران 193]

ഒരിക്കൽ നബി ﷺ ഒരു വ്യക്തി ഇപ്രകാരം പ്രാർത്ഥിക്കുന്നതായി കേൾക്കുകയുണ്ടായി.

اللَّهُمَّ إِنِّي أَسْأَلُكَ أَنِّي أَشْهَدُ أَنَّكَ أَنْتَ اللَّهُ لَا إِلَهَ إِلَّا أَنْتَ الْأَحَدُ الصَّمَدُ ، الَّذِي لَمْ يَلِدْ وَلَمْ يُولَدْ، وَلَمْ يَكُنْ لَهُ كُفُوًا أَحَدٌ. فَقَالَ : "لَقَدْ سَأَلْتَ اللَّهَ بِالِاسْمِ الَّذِي إِذَا سُئِلَ بِهِ أَعْطَى، وَإِذَا دُعِيَ بِهِ أَجَابَ"

**"ഏകനും, ഒരേയൊരുവനും, സർവ്വർക്കും ആശ്രയം നൽകുന്നവനും സ്വയംപര്യാപ്തനും (സ്വമദ്), ജനിപ്പിച്ചവനോ ജനിച്ചവനോ അല്ലാത്തവനും, തനിക്ക് തുല്യരായി ആരും തന്നെയില്ലാത്തവനുമായ അല്ലാഹുവേ! ഞാൻ നിന്നോട് ചോദിക്കുന്നു."**

അപ്പോൾ നബി ﷺ പറഞ്ഞു: **തീർച്ചയായും ഇത് മുഖേന ചോദിച്ചാൽ നൽകപ്പെടുകയും, പ്രാർത്ഥിച്ചാൽ ഉത്തരം നൽകപ്പെടുകയും ചെയ്യുന്ന ഏറെ മഹത്തരമായ നാമങ്ങൾ മുൻനിർത്തിയാണ് നീ അല്ലാഹുവിനോട് ചോദിച്ചിട്ടുള്ളത്.**

أبو داود (1341) –

## 12. പ്രാർത്ഥനക്ക് മുന്നോടിയായി ദാനം നൽകൽ

സ്വദഖയുടെ കാര്യം വളരെ മഹത്തരമാണ്. നബി ﷺ പറഞ്ഞു:

തീർച്ചയായും രഹസ്യമായ ദാനം റബ്ബിന്റെ കോപത്തെ അണച്ചു കളയുന്നതാണ്.

ഒരു അടിമയിൽ നിന്നും അല്ലാഹുവിന്റെ കോപം നീങ്ങുക എന്നത് അവന്റെ പ്രാർത്ഥനക്ക് ഉത്തരം ലഭിക്കുവാനുള്ള കാരണങ്ങളിൽ പെട്ടതാണ് എന്നതിൽ ഒരു സംശയവുമില്ല. മാത്രവുമല്ല, ഒരു വിശ്വാസിക്ക് അത് മുൻനിർത്തി റബ്ബിനോട് തേടൽ നിയമമാക്കപ്പെട്ട സൽകർമങ്ങളിലൊന്നുമാണ്.

## 13. സ്വീകരിക്കപ്പെടുമെന്ന് നബി ﷺ അറിയിച്ച പ്രാർത്ഥനകൾ തിരഞ്ഞെടുക്കുക.

(تحري الأدعية التي أخبرها النبي ﷺ أن الدعاء معها مستجاب)

നബി ﷺ യിൽ നിന്നും രേഖപ്പെടുത്തപ്പെട്ട ഇത്തരം പ്രാർത്ഥനകൾ ഒരു മുസ്‌ലിം തിരഞ്ഞെടുക്കുകയും, ആത്മാർത്ഥമായി മേൽപ്പറഞ്ഞ കാര്യങ്ങളെല്ലാം തന്റെ പ്രാർത്ഥനയിൽ ശ്രദ്ധിക്കുകയും ചെയ്താൽ അവന്റെ പ്രാർത്ഥന ഒരിക്കലും തള്ളപ്പെടുകയില്ല.

നബി ﷺ പഠിപ്പിച്ച പ്രാർത്ഥനകളിലൊന്ന് കാണുക അവിടുന്ന് പറഞ്ഞു:

دَعْوَةُ ذِي النُّونِ – إِذْ دَعَا وَهُوَ فِي بَطْنِ الْحُوتِ – : لَا إِلَهَ إِلَّا أَنْتَ سُبْحَانَكَ إِنِّي كُنْتُ مِنَ الظَّالِمِينَ، فَإِنَّهُ لَمْ يَدْعُ بِهَا رَجُلٌ مُسْلِمٌ فِي شَيْءٍ قَطُّ إِلَّا اسْتَجَابَ اللَّهُ لَهُ

"യൂനുസ് നബിയുടെ പ്രാർത്ഥന; അദ്ദേഹം മത്സ്യത്തിന്റെ ഉദരത്തിലായിരിക്കെ ഇപ്രകാരം പ്രാർത്ഥിച്ചു. 'നീയല്ലാതെ യാതൊരു ആരാധ്യനുമില്ല. നീ എത്ര പരിശുദ്ധൻ! തീർച്ചയായും ഞാൻ അക്രമികളുടെ കൂട്ടത്തിൽ പെട്ടവനായിരിക്കുന്നു.' ഒരു മുസ്‌ലിം ഈ പ്രാർത്ഥന കൊണ്ട് അവന്റെ ഏതെങ്കിലുമൊരു കാര്യത്തിൽ തേടിയാൽ അവന് അല്ലാഹു ഉത്തരം നൽകാതിരിക്കുകയില്ല."

– (الترمذي (3505

ഒരിക്കൽ ഒരു വ്യക്തി തന്റെ പ്രാർത്ഥനയിൽ ഇപ്രകാരം പറയുന്നതായി നബി ﷺ കേട്ടു:

اللَّهُمَّ إِنِّي أَسْأَلُكَ بِأَنَّ لَكَ الْحَمْدُ لَا إِلَهَ إِلَّا أَنْتَ، الْمَنَّانُ بَدِيعَ السَّمَاوَاتِ وَالْأَرْضِ، يَا ذَا الْجَلَالِ وَالْإِكْرَامِ، يَا حَيُّ يَا قَيُّومُ

"അല്ലാഹുവേ നിനക്കാണ് എല്ലാ സ്തുതിയും നന്ദിയും. നീ മാത്രമല്ലാതെ ആരാധനക്ക് അർഹനായി മറ്റാരുമില്ല. വളരെ അധികം ഔദാര്യം നൽകുന്നവനും നീയാണ്. ആകാശങ്ങളുടെയും ഭൂമിയുടെയും സൃഷ്ടാവേ, സർവ്വോന്നതിയുടേയും അതിമഹത്വത്തിന്റേയും ഉടമയുമായവനേ, എന്നെന്നും ജീവിച്ചിരിക്കുന്നവനേ, എല്ലാം

നിയന്ത്രിക്കുന്നവനേ ...."

അവിടുന്ന് ﷺ പറഞ്ഞു: **തീർച്ചയായും, ഇത് മുഖേന ചോദിച്ചാൽ നൽകപ്പെടുകയും, പ്രാർത്ഥിച്ചാൽ ഉത്തരം നൽകപ്പെടുകയും ചെയ്യുന്ന ഏറെ മഹത്തരമായ നാമങ്ങൾ മുൻനിർത്തിയാണ് നീ അല്ലാഹുവിനോട് ചോദിച്ചിട്ടുള്ളത്.**

അല്ലാഹുവിന്റെ ഏകത്വവും, അവനിലുള്ള വിശ്വാസവും മുൻനിർത്തി തേടിയ വ്യക്തിയോട് നബി ﷺ സമാനമായ മറുപടി നൽകിയത് മുൻപ് നാം സൂചിപ്പിരുന്നു.

ഇമാം ഇബ്നുൽ ഖയ്യിം -رَحِمَهُ ٱللَّٰهُ- അദ്ദേഹത്തിന്റെ ഗ്രന്ഥത്തിൽ കൊണ്ടു വന്ന പ്രാർത്ഥിക്കുമ്പോൾ നാമേവരും ശ്രദ്ധിക്കേണ്ട ചില മര്യാദകളും, അടിസ്ഥാനങ്ങളുമാണ് നാം ഇത്രയും വിശദീകരിച്ചത്. മേൽപ്പറഞ്ഞ കാര്യങ്ങൾ നാം നമ്മുടെ പ്രാർത്ഥനകളിൽ പ്രത്യേകം ശ്രദ്ധിക്കൽ അത്യാവശ്യമാണ്. ഈ കാര്യങ്ങൾ എപ്പോൾ ഒരുവന്റെ പ്രാർത്ഥനയിൽ സംഗമിക്കുന്നുവോ, എങ്കിൽ ഇബ്നുൽ ഖയ്യിം -رَحِمَهُ ٱللَّٰهُ- തന്നെ പറഞ്ഞത് പോലെ:

**"ആ പ്രാർത്ഥന ഒരിക്കലും തള്ളപ്പെടുകയില്ല."**

അല്ലാഹുവേ, ഞങ്ങളുടെ (ഇഹപര) രക്ഷാകവചമായ ഞങ്ങളുടെ മതകാര്യങ്ങളെ നീ ഞങ്ങൾക്ക് നന്നാക്കി തരേണമേ. ഞങ്ങളുടെ ഉപജീവനം നിലകൊള്ളുന്ന ഞങ്ങളുടെ ഭൗതികകാര്യങ്ങളെയും നീ ഞങ്ങൾക്ക് നന്നാക്കി തരേണമേ. ഞങ്ങളുടെ മടക്കസ്ഥലം നിലകൊള്ളുന്ന പരലോക കാര്യങ്ങളെയും നീ ഞങ്ങൾക്ക്

നന്നാക്കി തരേണമേ. സർവ്വ നന്മകളിലും ഞങ്ങളുടെ ജീവിതകാലം നീ വർദ്ധിപ്പിച്ചുതരേണമേ; (ശേഷം) മരണത്തെ എല്ലാ തിന്മയിൽനിന്നുമുള്ള മുക്തിയുമാക്കി തീർക്കേണമേ.

والله تعالى أعلم وصلى الله على نبينا محمد وعلى آله وصحبه أجمعين

قناة سلفية للعلوم الشرعية